(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എെ.ഡി.കെ-10/167/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:19.03.2020
Ph:04862 227332
Email:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം:- **ഇളംദേശം** ബ്ലോക്ക്പഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എെ.ഡി.കെ-10/167/2020 തീയതി :19.03.2020

# ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **ഇളംദേശം ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.02.2019 മുതൽ 05.02.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.റ്റി.എൽ.സാംകുട്ടി ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.02.2020 മുതൽ 12.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജി സുനിൽകുമാർ | സീനി.ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈനി അഗസ്റ്റ്യൻ | 01.04.2018മുതൽ 21.11.2018 വരെ |
| | ശ്രീ. എം. മോനിച്ചൻ, (വൈസ് പ്രസിഡന്റ്-അധിക ചുമതല) | 22.11.2018മുതൽ 16.12.2018 വരെ |
| | ശ്രീമതി മർട്ടിൽ മാത്യു | 17.12.2018മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ.കെ.ആർ.ഭാഗ്യരാജ് | 01.04.2018 മുതൽ31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എക്സി.എഞ്ചിനീയർ | ശ്രീ. ജോർജ് ജോസഫ് | 01.04.2018മുതൽ 31.03.2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ബെന്നി തോമസ് | 01.04.2018മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സബിദ ബീഗം | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോ. ഇ.കെ ഖായീസ് | 01.04.2018മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. സോഫിയമോൾ | 01.04.2018മുതൽ 31.03.2019വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.സിസിലിയാമ്മ മാത്യൂ | 01.04.2018മുതൽ 31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ. എം.പി സുധീഷ് | 01.04.2018മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമനം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| | | |

| | | |
|---|---|---|
| 12 | 1-12 | രസീത് , സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ – അപാകതകൾ |
| 13 | 1-13 | വാടക സംബന്ധിച്ച അപാകതകൾ |
| 14 | 1-14 | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവഹണം നടത്തിയ പദ്ധതികൾ - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല |
| 15 | 1-15 | ജവഹർ ഭവന പദ്ധതി വായ്പയുടെ പലിശ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത് - അപാകതകൾ |
| 16 | 1-16(എ) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തടസ്സം-₹7,22,050/- |
| | 1-16(ബി) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സം-₹7,00,000/- |
| | 1-16(സി) | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സം-₹20,00,000/- |
| 17 | 1-17 | ഐ.എ.വൈ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ് |
| 18 | 1-18 | ബ്ലോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് - അപാകതകൾ. |
| 19 | 1-19 | ടെണ്ടർ ഫോം ഫീസ് .ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല |
| 20 | 1-20 | ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി വാങ്ങിയ സാധനങ്ങൾ ആസ്തി രജിസ്റ്റർ/ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്താത്തത്. |
| 21 | 1-21 | റോഡ് പണി പൂർത്തീകരിച്ചില്ല |
| **ഭാഗം-II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| ഇല്ല | | |
| **ഭാഗം-III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| ഇല്ല | | |
| **ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം** | | |
| 22 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 23 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 26 | 4-5 | സ്ഥിരനിക്ഷേപം |
| 27 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 28 | 4-7 | ഓഡിറ്റ് റിക്കവറി |
| 29 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 30 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 31 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 32 | 4-11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| **അനുബന്ധങ്ങൾ** | | |
| 33 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.06.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34660892 |
| വരവ് | 52293554 |
| ആകെ | 86954446 |
| ചെലവ് | 72974746 |
| നീക്കിയിരിപ്പ് | 13979700 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-(ACR പ്രകാരം) | പൊതു വിഭാഗം | | 33051000 | 33051000 | 28045616 | 5005384 |
| | പട്ടിക ജാതി വിഭാഗം | | 5651000 | 5651000 | 4452872 | 1198128 |
| | പട്ടിക വർഗ്ഗ വിഭാഗം | | 9024000 | 9024000 | 6993328 | 2030672 |
| മെയിന്റനൻസ്-(ACR പ്രകാരം) | റോഡിതരം | | 3916000 | 3916000 | 3915031 | 969 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ദാരിദ്ര്യലഘൂകരണ യൂണിറ്റ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 28716 | 0 | 28716 | 28716 | 0 |
| | സമ്പൂർണ്ണ ശുചിത്വം | 629266 | 57283 | 686549 | 29127 | 657422 |
| | സമഗ്ര നീർത്തട പരിപാലന പദ്ധതി (IWMP) | 12968 | 51817 | 64785 | 23024 | 41761 |
| | പ്രത്യേകകേന്ദ്രവിഹിതം | 22115 | 935 | 23050 | 0 | 23050 |
| സംസ്ഥാനാവിഷ്കൃത | സാക്ഷരത | 5324 | 0 | 5324 | 0 | 5324 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ | യൂണിയൻ ബാങ്ക് 4241 (സാക്ഷരത പലിശ തുക) | 107 | 297 | 404 | 0 | 404 |
| | കേരളോത്സവം | 0 | 35000 | 35000 | 35000 | 0 |
| | മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്-ലൈഫ് | 61527 | 0 | 1185028 | 917834 | 267194 |
| | യൂണിയൻ ബാങ്ക് ലൈഫ് മിഷൻ | 1123501 | | | | |
| | ട്രയിനിംഗ് ഫണ്ട് | 0 | 194312 | 194312 | 194312 | 0 |
| സംയുക്ത പദ്ധതി | ഗ്രാമ പഞ്ചായത്ത് | 9501347 | 537832 | 10039179 | 4688796 | 5350383 |
| | ജില്ലാ പഞ്ചായത്ത് | 10759167 | 0 | 10759167 | 10759167 | 0 |
| ഐ.എ.വൈ പദ്ധതി | പൊതു വിഭാഗം | 69 | 2293531 | 2293600 | 0 | 2293600 |
| | പട്ടിക ജാതി വിഭാഗം | 0 | 17500 | 17500 | 0 | 17500 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 9319 | 9319 | 0 | 9319 |
| ബ്ലോക്ക് പദ്ധതി | എസ്.എച്ച്.ജി | 6359 | 226 | 6585 | 0 | 6585 |
| മറ്റ് പദ്ധതി അക്കൗണ്ടുകൾ | ഇടുക്കി ജില്ലാസഹകരണ ബാങ്ക് 0001 | 500 | 0 | 500 | 0 | 500 |
| | യൂണിയൻ ബാങ്ക് 14511 | 495917 | 8973 | 504890 | 0 | 504890 |
| | യൂണിയൻ ബാങ്ക് 16977 | 38433 | 0 | 38433 | 38433 | 0 |
| | യൂണിയൻ ബാങ്ക് 16976 | 39586 | 1403 | 40989 | 0 | 40989 |
| | യൂണിയൻ ബാങ്ക് 4450 | -1 | 0 | -1 | 0 | -1 |
| | യൂണിയൻ ബാങ്ക് (പ്ലാൻ) | 2664305 | 0 | 2664305 | 2664305 | 0 |
| തനത് ഫണ്ട് | ബാങ്ക് | 683 | 24 | 707 | 0 | 707 |
| | ട്രഷറി - മറ്റിനം | 9271003 | 1121139 | 14404142 | 9644069 | 4760073 |
| | ട്രഷറി - ജനറൽ പർപ്പസ് ഗ്രാന്റ് | | 4012000 | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 69299115 | 81 | 46455840 | 0 | 43 | 65.32 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10.02.2020-ന് ക്യാഷ് ബാലൻസ് ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.12.2019<br>05.12.2019 | 2018 -2019 | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2015 മുതൽ 07.02.2015 വരെ | 2012-2013 | 28.04.2015 |

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി സ്ഥാപന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും കൃത്യമായി നടത്തുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

<u>ബ്ലോക്ക് പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ്</u>

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വാടക രജിസ്റ്റർ അപൂർണ്ണമാണ്. രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തയിട്ടുണ്ടെങ്കിലും ആയത് തയ്യാറാക്കിയ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

5) ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ യു.ബി.ഐ. അക്കൗണ്ടിൽ (ഹരിയാലി) പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ്₹513503/- ആയിരിക്കേ ബാങ്ക് ബുക്കിൽ പ്രസ്തുത തുക ₹504890/-യാണ്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത വ്യത്യാസം വിശദീകരിച്ചിട്ടില്ല.

## 1-12 രസീത്,സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ – അപാകതകൾ

മാന്വൽ സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലഭിച്ച രസീതുകളുടേയും വിതരണം ചെയ്ത രസീതുകളുടേയും നീക്കിയിരുപ്പിന്റേയും കണക്ക് സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല. ദിവസേനയുള്ള കളക്ഷൻ തുകകൾ ഉൾക്കൊള്ളുന്ന ഡേ ബുക്ക് സ്ഥാപനത്തിൽ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. മുൻ റിപ്പോർട്ടുകളിലും രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാതിരുന്നത് സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും അപാകത നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്ററുകളും അഡ്വാൻസ് രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ തിരിച്ച് കൊടുക്കേണ്ട തുകകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ എത്രയെന്ന് തിട്ടപ്പെടുത്താനാവാത്തതിനാൽ തനത്ഫണ്ടിൽ മുതൽക്കൂട്ടാൻ സാധിച്ചിട്ടില്ല. രേഖകൾ കൃത്യമാക്കി അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക സംബന്ധിച്ച അപാകതകൾ

(i).ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 20 വാടക മുറികൾ നിലവിലുണ്ട്. ഇതിൽ പകുതിയിലധികം (12 എണ്ണം) മുറികൾ ഒഴിഞ്ഞ് കിടക്കുകയാണ്. ടി മുറികൾ ലേല നടപടികളിലൂടെ വാടകയ്ക്ക് നൽകാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

(ii).ബ്ലോക്കിന്റെ അധീനതയിലുള്ള സി.എച്ച്.സി ക്വാർട്ടേഴ്സ് കെട്ടിടത്തിന് വാടക ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് മുൻ റിപ്പോർട്ടിലും പ്രതിപാദിച്ചിരുന്നുവെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല.

(iii).രജിസ്റ്ററിൽ സാമ്പത്തിക വർഷാവസാനം വാടക സംബന്ധിച്ച ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

(iv).2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം(B-15 ഷെഡ്യൂൾ) വാടകയിനത്തിൽ തൻ വർഷം ₹75847/-യും കുടിശികയായി ₹2722/-യും പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. എന്നാൽ ഓഡിറ്റ് തീയതിയിലും (12.02.2020) ഇതിൽ തൻവർഷത്തെ ₹4622/- മാത്രമാണ് പിരിച്ചെടുക്കാനായത്. കുടിശ്ശിക പിരിച്ചുടുക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

(v).ഓഡിറ്റോറിയം /ഹാൾ ഡെപ്പോസിറ്റ് ഇനത്തിൽ ₹22000/- തൻ വർഷം വരവുണ്ട് (RP34). എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10 തീയതി.11.02.20) മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തനത് വരവുകൾ പൂർണ്ണമായും പിരിച്ചെടുത്ത് അപാകതകൾ പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 പച്ചക്കറി കൃഷിക്ക് ധനസഹായം-അധികം തുക നൽകി

പ്രോജക്ട് നം. :- 111/2018-19, പട്ടിക വർഗ്ഗ വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം

ചെലവ് :- ₹330000/-

ബിൽ നം. :- 1/2018-19 തീയതി.23.11.2018.

പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായമായി കർഷകർക്ക് ഹെക്ടറിന് പരമാവധി 30000/-രൂപയോ അല്ലെങ്കിൽ കൃഷിഭൂമിയുടെ വിസ്തീർണ്ണമനുസരിച്ച് ആനുപാതിക തുകയോ ധനസഹായം നൽകാമെന്ന് ജി.ഒ(എം.എസ്)22/2018/ ത.സ്വ.ഭ.വ.തീ.14.02.2018 നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. എന്നാൽ ടി പ്രോജക്ടിൽ ഒരു ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള 11 ഗ്രൂപ്പുകൾക്കും കൃഷിഭൂമിയുടെ വിസ്തീർണ്ണം പരിഗണിച്ച് ആനുപാതികമായ കുറവ് വരുത്താതെ പരമാവധി തുകയായ ₹30000/- നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം കൃഷി ഭൂമിയുടെ വിസ്തീർണ്ണം | റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥൻ | അനുവദിച്ച ധനസഹായം | അനുവദിക്കാവുന്ന ധനസഹായം |
|---|---|---|---|---|---|
| 1. | സ്നേഹ എസ്.എച്ച്.ജി | 1 ഏക്കർ (0.405 ഹെക്ടർ) | കൃഷി ഓഫീസർ, വണ്ണപ്പുറം കൃഷി ഭവൻ, തീയതി.24.3.18 | 30000 | 12000 |
| 2. | ധനലക്ഷ്മി എസ്.എച്ച്.ജി | 0.2 ഹെക്ടർ | കൃഷി ഓഫീസർ, ഉടുമ്പന്നൂർ തീയതി. 123.2018 | 30000 | 6000 |
| 3. | മഹിമ എസ്.എച്ച്.ജി | 1 ഏക്കർ (0.405 ഹെക്ടർ) | കൃഷി ഓഫീസർ, വണ്ണപ്പുറം കൃഷി ഭവൻ, തീയതി.2.3.18 | 30000 | 12000 |
| 4. | പുലരി എസ്.എച്ച്.ജി | 0.73 ഹെക്ടർ | കൃഷി ഓഫീസർ, വെള്ളിയാമറ്റം, തീയതി.12.3.18 | 30000 | 21900 |
| 5. | സൂര്യ എസ്.എച്ച്.ജി | ലഭ്യമല്ല | കൃഷി ഓഫീസർ കുടയത്തൂർ | 30000 | -- |
| 6. | രശ്മി എസ്.എച്ച്.ജി | 0.15 ഹെക്ടർ | കൃഷി ഓഫീസർ, വെള്ളിയാമറ്റം കൃഷി ഭവൻ, തീയതി.23.3.18 | 30000 | 4500 |
| 7. | സഹ്യാദ്രി എസ്.എച്ച്.ജി | 0.4 ഹെക്ടർ | കൃഷി ഓഫീസർ, ഉടുമ്പന്നൂർ കൃഷി ഭവൻ, തീയതി.12.3.18 | 30000 | 12000 |
| 8. | നീതി എസ്.എച്ച്.ജി | ലഭ്യമല്ല | കൃഷി ഓഫീസർ, കുടയത്തൂർ കൃഷി ഭവൻ, തീയതി. | 30000 | -- |
| 9. | ജനനി എസ്.എച്ച്.ജി | 0.12 ഹെക്ടർ | കൃഷി ഓഫീസർ, വെള്ളിയാമറ്റം | 30000 | 3600 |

| | | | | | |
|---|---|---|---|---|---|
| | | | കൃഷി ഭവൻ, തീയതി.22.3.18 | | |
| 10. | സൂര്യ എസ്.എച്ച്.ജി | 1 ഏക്കർ (0.405 ഹെക്ടർ) | കൃഷി ഓഫീസർ, വണ്ണപ്പുറം കൃഷി ഭവൻ, തീയതി.24.3.18 | 30000 | 12000 |
| 11. | ചിത്തിര എസ്.എച്ച്.ജി | 1 ഏക്കർ (0.405 ഹെക്ടർ) | കൃഷി ഓഫീസർ, വെള്ളിയാമറ്റം കൃഷി ഭവൻ, തീയതി.12.3.18 | 30000 | 12000 |
| | ആകെ | | | 330000 | 96000 |

കൂടാതെ കർഷകരുടെ കരം ഒടുക്കിയ രസീത്, എഗ്രിമെന്റ്, പാട്ടത്തിന് എടുത്തതാണെങ്കിൽ പാട്ടക്കരാർ എന്നിവ ഫയലിൽ ലഭ്യമല്ല. അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8 തീ.10.2.2020), ടി പ്രോജക്ട് നടപ്പാക്കിയ നിർവഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടുപോയെന്നും രേഖകൾ ഫയലിൽ നിന്നും നഷ്ടപ്പെട്ടതാകാമെന്നും മറുപടി ലഭിച്ചു. രേഖകൾ കൃത്യമായി സൂക്ഷിച്ച് സബ്സിഡി മാർഗ്ഗരേഖ കർശനമായി പാലിച്ച് മാത്രം പദ്ധതി നിർവഹണം നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ജവഹർ ഭവന പദ്ധതി വായ്പയുടെ പലിശ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത് - അപാകതകൾ

| | | |
|---|---|---|
| പദ്ധതി | :- | ജവഹർ ഭവന പദ്ധതി പലിശ – ബ്ലോക്ക് വിഹിതം |
| പദ്ധതി നം | :- | 4/19 |
| അടങ്കൽ | :- | ₹1409645/- |
| നിർവഹണം | :- | സെക്രട്ടറി |

ഇടുക്കി ജില്ലാ സഹകരണബാങ്കിൽ നിന്നും ഗ്രാമപഞ്ചായത്തുകൾ ജവഹർ ഭവന നിർമ്മാണപദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പയുടെ പലിശയിനത്തിൽ 1% ബ്ലോക്ക് വിഹിതം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയിൽ;

1) ജില്ലാ സഹകരണ ബാങ്കും ഗ്രാമപഞ്ചായത്തുകളും നിർദ്ദേശിച്ചിരിക്കുന്ന പലിശയിനത്തിലെ തുകകളിൽ വ്യതിയാനം കാണുന്നു.

2) ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പദ്ധതിയിൽ എടുത്തിട്ടുള്ള വായ്പ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

3) ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന് നൽകേണ്ട വിഹിതം ട്രഷറിയിൽ ഒടുക്കിയതിന് കാരണം വ്യക്തമല്ല.

4) വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന് തുക അനുവദിക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

5) ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതമായി നൽകിയ തുകകൾ ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

6) ഓരോ ഗ്രാമപഞ്ചായത്തുകൾക്കും നൽകേണ്ട/നൽകിയ തുകകൾ സംബന്ധിച്ച രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്തുകളുടെ പേര് | ജില്ലാ സഹകരണബാങ്ക് (31-3-2018 തീയതി പ്രാബല്യത്തിൽ | ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ പലിശ തുക | വ്യത്യാസം (കൂടുതൽ / കുറവ്) | ബ്ലോക്ക് പഞ്ചായത്ത് തുക അനുവദിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | നിർദ്ദേശിച്ച പലിശ തുക) | | | | |
| 1 | കോടിക്കുളം | 67969 | 56000 | 11969 | 56000/- ബിൽ നം. 16/18-19/19-9-18 | |
| 2 | വണ്ണപ്പുറം | 427708 | 638206 | -210498 | 638206/- ബിൽ നം. 33/18-19/ 29-11-18 | |
| 3 | കുടയത്തൂർ | 46395 | 6701 | 39694 | 6701/- ബിൽ നം. 33/18-19/ 29-11-18 | |
| 4 | ഉടുമ്പന്നൂർ | 702457 | 554056 | 148401 | 554056/- ബിൽ നം. 38/18-19/ 22-1-19 | ട്രഷറിയിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമല്ല. |
| | | 128472 | | 128472 | 154682/- ബിൽ നം. 38/18-19/ 22-1-19 | |
| 5 | വെള്ളിയാറ്റം | 146007 | 476879 | -330872 | | തുക അനുവദിച്ചിട്ടില്ല |
| | **ആകെ** | 1519008 | 1731842 | -212834 | 1409645/- | |

പ്രസ്തുത പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/10.02.20)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അടിയന്തിരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിവിധ അപാകതകൾ.ചെലവ് തടസ്സം-₹3422050/-

(എ)

| | |
|---|---|
| നിർവ്വഹണം | ശിശു വികസന പദ്ധതി ഓഫീസർ |
| പദ്ധതി നം | 79 |
| പദ്ധതി | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹722050 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദാംശം താഴെ നൽകുന്നു.

| ക്രമ നം | ബില്‍നം & തീയതി | തുക ₹ | നല്‍കിയ ഗ്രാമപഞ്ചായത്ത് | തുക ₹ | അക്കൗണ്ട് നമ്പര്‍ |
|---|---|---|---|---|---|
| 1 | 1/2018-19 തീ:10.09.2018 | 100000 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 50000 | 799011400001452 |
| | | | കുടയത്തൂര്‍ ഗ്രാമപഞ്ചായത്ത് | 50000 | 710011400000005 |
| 2 | 2/2018-19 തീ: 12.10.2018 | 250000 | കോടിക്കുളം ഗ്രാമപഞ്ചായത്ത് | 50000 | 79901140003082 |
| | | | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 50000 | 799011400001552 |
| | | | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 50000 | 799011400003306 |
| | | | ഉടുമ്പന്നൂര്‍ ഗ്രാമപഞ്ചായത്ത് | 50000 | 799011400002775 |
| | | | കരിമണ്ണൂര്‍ ഗ്രാമപഞ്ചായത്ത് | 50000 | 799011400000001 |
| | 3/2018-19 തീ: 14.03.2019 | 50000 | കോടിക്കുളം ഗ്രാമപഞ്ചായത്ത് | 50000 | 79901140003082 |
| 4 | 4/2018-19 തീ: 14.03.2019 | 50000 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 50000 | 799011400001452 |
| 5 | 5/2018-19 തീ: 14.03.2019 | 100000 | ഉടുമ്പന്നൂര്‍ ഗ്രാമപഞ്ചായത്ത് | 100000 | 799011400002775 |
| 6 | 6/2018-19 തീ: 14.03.2019 | 82050 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 82050 | 799011400001552 |
| 7 | 7/2018-19 തീ: 14.03.2019 | 90000 | കരിമണ്ണൂര്‍ ഗ്രാമപഞ്ചായത്ത് | 90000 | 799011400000001 |
| | | | **ആകെ** | 722050 | |

(ബി)

| | | |
|---|---|---|
| നിര്‍വ്വഹണം | : | ഡയറി എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ |
| പദ്ധതി നം | : | 74 |
| പദ്ധതി | : | ക്ഷീര സംഘത്തില്‍ പാലളക്കുന്ന ക്ഷീരകര്‍ഷകര്‍ക്ക് ധനസഹായം -ഗ്രാമപഞ്ചായത്തിന് വിഹിതം നല്‍കല്‍ |
| അടങ്കല്‍ | : | ₹7,00,000/- |

ക്ഷീര സംഘത്തില്‍ പാലളക്കുന്ന ക്ഷീരകര്‍ഷകര്‍ക്ക് ധനസഹായം നല്‍കുന്നതിന് ഗ്രാമപഞ്ചായത്തിന് വിഹിതം നല്‍കല്‍ പദ്ധതിക്ക് വിവിധ ഗ്രാമപഞ്ചായത്തുകള്‍ക്ക് നല്‍കിയ തുകയുടെ വിശദാംശം താഴെ നല്‍കുന്നു.

| ക്രമ നം | ബില്‍നം & തീയതി | തുക ₹ | നല്‍കിയ ഗ്രാമപഞ്ചായത്ത് | തുക ₹ | അക്കൗണ്ട് നമ്പര്‍ |
|---|---|---|---|---|---|
| 1 | 1/2018-19 തീ: 25.09.2018 | 100000 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 100000 | 799011400003306 |
| 2 | 2/2018-19 തീ: 25.09.2018 | 100000 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 100000 | 799011400001552 |
| 3 | 3/2018-19 തീ: 25.09.2018 | 100000 | ഉടുമ്പന്നൂര്‍ ഗ്രാമപഞ്ചായത്ത് | 100000 | 799011400002775 |
| 4 | 4/2018-19 തീ: 25.09.2018 | 400000 | ആലക്കോട് ഗ്രാമപഞ്ചായത്ത് | 100000 | 799011400001452 |
| | | | കരിമണ്ണൂര്‍ ഗ്രാമപഞ്ചായത്ത് | 100000 | 799011400000001 |
| | | | കോടിക്കുളം | 100000 | 79901140003082 |

| | | | | | |
|---|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | | |
| | | | കുടയത്തൂർ ഗ്രാമപഞ്ചായത്ത് | 100000 | 799011400000005 |
| ആകെ | | | | 700000 | |

## (സി) നിർവ്വഹണം സെക്രട്ടറി -വിവിധ പദ്ധതികൾ

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | തുക | അപാകതകൾ |
|---|---|---|---|
| 1 | 127 നമ്പർ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ - കുറിച്ചിപ്പാടം - ആലക്കോട് ഗ്രാമ പഞ്ചായത്ത് - ബ്ലോക്ക് വിഹിതം (6/19)<br>(ബിൽ നം.11/18-19/ 11.7.18/₹300000/-) | 300000 | 1) ഗ്രാമ പഞ്ചായത്ത് പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുമ്പോൾ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് വിശദമായ പഠനത്തിന് ശേഷം ഗ്രാമ പഞ്ചായത്തിൽ പദ്ധതി തയ്യാറാക്കേണ്ടതാണ്. അപ്രകാരം തയ്യാറാക്കിയ പദ്ധതികളുടെ (ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതികളുടെ) വിശദ വിവരങ്ങൾ പ്രോജക്റ്റ്, പദ്ധതി നടപ്പാക്കിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>2) ഗ്രാമ പഞ്ചായത്തുകൾ പദ്ധതി നടപ്പാക്കിയ ശേഷം പദ്ധതിയുടെ വിശദാംശങ്ങളും പൂർത്തീകരണ വിവരങ്ങളും ചെലവ് വിവരങ്ങളും (തുകയുടെ വിനിയോഗ സാക്ഷ്യ പത്രങ്ങളും) ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതാണ്. അപ്രകാരമുള്ള രേഖകൾ ലഭ്യമായിട്ടില്ല. |
| 2 | കരിമണ്ണൂർ ഗ്രാമ പഞ്ചായത്തിന് ട്രാക്ടർ - ബ്ലോക്ക് വിഹിതം (13/19)<br>(ബിൽ നം.25/18-19/ 22.9.18/₹200000/-) | 200000 | |
| 3 | അംഗൻവാടിക്ക് സ്ഥലം വാങ്ങൾ - കൊട്ടുവേലി, കോടിക്കുളം ഗ്രാമ പഞ്ചായത്ത് - ബ്ലോക്ക് വിഹിതം (9/19)<br>(ബിൽ നം.18/18-19/ 28.8.18/₹450000/-) | 450000 | |
| 4 | 74 നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം ഇളംദേശം - വെള്ളിയാമറ്റം ബ്ലോക്ക് വിഹിതം (10/19)<br>(ബിൽ നം.23/18-19/ 22.9.18/₹350000/-) | 350000 | |
| 5 | വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിന് കൊയ്ത്ത് മതിയന്ത്രം - ബ്ലോക്ക് വിഹിതം (15/19)<br>(ബിൽ നം.24/18-19/ 22.9.18/₹500000/-) | 200000 | |

| | | | |
|---|---|---|---|
| 6 | അംഗൻവാടി കെട്ടിട നിർമ്മാണം, ഇടമറുക്, ഉടുമ്പന്നൂർ - ബ്ലോക്ക് വിഹിതം (7/19)<br>(ബിൽ നം.35/18-19/ 4.11.18/₹500000/-) | 500000 | |
| | ആകെ | 2000000 | |

മേൽ പരാമർശിച്ച എ,ബി പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തിനാൽ ₹1422050/-യുടെയും സി പദ്ധതിയിൽ പ്രത്യേകമായി പരാമർശിച്ച അപാകതകൾ ഉള്ളതിനാൽ ₹2000000/-യുടെയും ചെലവ് തടസ്സം ചെയ്യുന്നു. തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഐ.എ.വൈ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് (B-40 ഷെഡ്യൂൾ) പ്രകാരം IAY യുടെ 6253 നമ്പരായുള്ള അക്കൗണ്ടിൽ ₹7670802/-യും ലൈഫ് മിഷൻ അക്കൗണ്ടിൽ ₹267194/-യും നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. ഇപ്രകാരം നീക്കിയിരിപ്പ് വന്ന തുകകൾ ഏത് ഇനത്തിലുള്ളതാണെന്നും പദ്ധതി തുകകൾ ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ സാഹചര്യവും അറിയിക്കേണ്ടതാണ്. വീട് പണി പൂർത്തീകരിക്കുവാനായി IAY ഗുണഭോക്താക്കൾ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും അറിയിക്കേണ്ടതാണ്.

## 1-18 ടെണ്ടർ ഫോം ഫീസ്-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 20 പ്രൊജക്ടുകൾക്കായി ടെണ്ടർ ഫോം ഫീസിനത്തിൽ ₹64100/- എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചെന്നിട്ടുണ്ട്. ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതുവരെയായും തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫോം ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചെന്നിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി വാങ്ങിയ സാധനങ്ങൾ ആസ്തി രജിസ്റ്റർ/ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്താത്തത്.

2018-19-ൽ സെക്രട്ടറി വാങ്ങിയ സാധനങ്ങൾ ആസ്തി രജിസ്റ്റർ/ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പദ്ധതി | തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|
| 1 | എൽ.ആർ.ജി.എസ്. - ഭവന നിർമ്മാണ യൂണിറ്റിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ (125/19)<br>(തനത് ഫണ്ട് വൗച്ചർ നം. 185/25.3.2019<br>ചെക്ക് നം. 1239994/26.3.19) | 131380/- | 1) കോൺക്രീറ്റ് മിക്സർ മെഷിൻ<br>2) ട്രോളി മിക്സ് ടൈപ്പ്<br>3) ട്രോളി ബ്ലോക്ക് ടൈപ്പ് (ബ്രിക്സ് ക്യാരി) |
| 2 | ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങൽ (109/19)<br>(തനത് ഫണ്ട് വൗച്ചർ നം. 216/30.3.2019<br>ചെക്ക് നം. ലഭ്യമല്ല) | 968561/- | മഹീന്ദ്ര സ്കോർപിയോ വാഹനം |
| 3 | ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (61/19) | 37250/- .<br>23500/- | വാട്ടർ പ്യൂരിഫയർ<br>ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ |

| | | | |
|---|---|---|---|
| | വികസന ഫണ്ട് ബിൽ നം.44/18-19/ 29.3.19/ ₹37250/- + ₹23500/-<br>വികസന ഫണ്ട് ബിൽ നം.41/18-19/ 26.3.19/ ₹97135/-<br>വികസന ഫണ്ട് ബിൽ നം.29/18-19/ 29.10.18/₹58805/- | 97135/-<br>58805/- | ലേസർജറ്റ് പ്രിന്റർ<br>(ഇൻഫോ ഗ്രീൻ സർവ്വീസ്, തൊടുപുഴ)<br>എൽ സി ഡി റ്റിവി<br>(എസ് സ്ക്വയേർഡ്, തൊടുപുഴ)<br>കസേരകൾ (77 എണ്ണം)<br>(ഗുഡ് വിൽ ഇൻഡസ്ട്രീസ്, തൊടുപുഴ)<br>89 കർട്ടനുകൾ (റെയിൻബോ കർട്ടൻ, തൊടുപുഴ) |
| 4 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് നിരീക്ഷണത്തിന് സി സി റ്റി വി ക്യാമറ സ്ഥാപിക്കൽ (139/19)<br>(തനത് ഫണ്ട് വൗച്ചർ നം. 176/25.3.2019<br>ചെക്ക് നം. 1239993/26.3.19) | 89135/- | 8 ക്യാമറകളും അനുബന്ധ ഉപകരണങ്ങളും (ഡിജിറ്റൽ സൊല്യൂഷൻ, തൊടുപുഴ) |
| 5 | പ്ലാസ്റ്റിക്ക് ഷ്രഡിംഗ് മെഷിൻ, ബൈലിംഗ് മെഷിൻ വാങ്ങലും സ്ഥാപിക്കലും (35/19)<br>വികസന ഫണ്ട് ബിൽ നം.37/18-19/ 29.10.18/₹466516/- | 466516/- | പ്ലാസ്റ്റിക്ക് ഷ്രഡിംഗ് മെഷിൻ (ഹൊറിസോൺ, ആലപ്പുഴ) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/11.2.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച സാമഗ്രികൾ ആസ്തി രജിസ്റ്ററിൽ/സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-20 റോഡ് പണി പൂർത്തീകരിച്ചില്ല

2014-2015 വർഷം പൂച്ചപ്ര കോട്ടക്കകത്തുപടി കാകളം റോഡ് പണിയുന്നതിനായി അടങ്കൽ തുകയായ ₹1000000/- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 18.02.2015 ൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായും റോഡ് പണി പൂർത്തീകരിച്ചിട്ടില്ല. പണി താമസംവിനാ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം 2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

# ഭാഗം 3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2018-2019 | 07.08.2019,08.08.2019 | കെ.എസ് എ-ഐ.ഡി.കെ.3/790 (2) തി.17.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2017-2018) | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 9501347 | 2018-2019 | 537832 | ഭവന നിർമ്മാണം (പി.എം.എ.വൈ) | 4688796 | 5350383 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

| ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി/ വായ്പ തുക | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(2018-2019 വാർഷിക കണക്കിലെ ഷെഡ്യൂൾ ബി -5 പ്രകാരം ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണ വായ്പ | ജി.ഒ എം.എസ് നം. 90/2013/ തസ്വഭ/ തി.14.03.2013 | 1800000 | 1080000 | 0 | 0 | 202500 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| | |

| | |
|---|---|
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹80,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1812 തീയതി 03.01.2015 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.2375 തീയതി 03.04.2014 | ₹10,000 |
| ആകെ | ₹80,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 52293554 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72974746 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3422050 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 (എ) | 722050 | ശ്രീമതി സിസിലിയാമ്മ മാത്യു,<br>ശിശു വികസന പദ്ധതി ഓഫീസർ |
| | | |

| | | |
|---|---|---|
| 1-16(ബി) | 700000 | ശ്രീ. എം.പി. സുധീഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-16 (സി) | 2000000 | ശ്രീ കെ.ആർ ഭാഗ്യരാജ്, സെക്രട്ടറി |
| **ആകെ** | 3422050 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സിസിലിയാമ്മ മാത്യൂ, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | മംഗലത്ത് വീട് മൂലമറ്റം പോസ്റ്റ് തൊടുപുഴ, ഇടുക്കി ജില്ല |
| ശ്രീ കെ.ആർ ഭാഗ്യരാജ് | സെക്രട്ടറി, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | കാളക്കൂട്ടുങ്കൽ, പെരിങ്ങാശ്ശേരി, തൊടുപുഴ, ഇടുക്കി ജില്ല |
| ശ്രീ. എം.പി. സുധീഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മൂഴിക്കൽ അരീക്കുഴ പോസ്റ്റ് തൊടുപുഴ, ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ-3/347/99/ 27.09.1999 | 6 | 13,14,15,16,17,18 |
| 1996-97 | എൽ.എഫ്.ഐ-8-64/99/ 16.02.1999 | - | - |
| 19797-98 | എൽ.എഫ്.ഐ-3/388/99/ 27.09.1999 | 15 | 13 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ3/469/00/ 27.08.2000- | 8 | 19.20,21(1),23, 24,25,27,28 |
| 1999- | എൽ.എഫ്.ഐ-4/221/2004/ 21.07.2004 | 12 | 14,15,16,17,21,22, |

| | | | |
|---|---|---|---|
| 2000 | | | 23,24,25,27,29,30 |
| 2000-2001 | എൽ.എഫ്.ഐ-4/224/2015/ 7.04.2015 | 17 | 14,15,16,17,18 (2,3) 20,21,22,23,24,26, 27,28,29,30,31,33 |
| 2001-2002 | എൽ.എഫ്.ഐ-4/377/2005/ 09.08.2005- 64/99/16.02.1999 | 7 | 4,5,6,7,8,9,10 |
| 2002-2003 | എൽ.എഫ്.ഐ-4/240/2006/ 19.05.2006- 64/99/16.02.1999 | 10 | 2-1,3-1മുതൽ 3-9 വരെ |
| 2003-2004 | എൽ.എഫ്.ഐ-4/872/2007/ 09.10.2007- 64/99/16.02.1999 | 12 | 2-1 abc, 3-1 മുതൽ3-11 വരെ |
| 2004-2005 | എൽ.എഫ്.ഐ-4/58/2009/ 11.09.2009 | 5 | 2-2,3-1മുതൽ 3-4വരെ |
| 2005-2006 | എൽ.എഫ്.ഐ 4/507/2009/ 03.08.2009- 64/99/16.02.1999 | 13 | 2-1,മതൽ2-12 വരെ |
| 2006-2007 | എൽ.എഫ്.ഐ-4/496/2012/ 06.07.2012- 680/90/27.08.1990 | 7 | 2-1,3-5,3-8,3-9, 3-13,3-14,3-15 |
| 2007-2008 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 3 | 3-1,3-7,3-8 abc |
| 2008-2009 | കെ.എസ്.എ -ഐഡികെ-10/1020/2017/28.10.2017- /10/1409/18/01.01.2018 | 5 | 2-1,3-1,3-7, 3-8,3-11 |
| 2009-2010 | കെ.എസ്.എ -ഐഡികെ/10/ 1409/18/01.01.2018 - | 2 | 3-4,3-5 |
| 2010-2011 | കെ.എസ്.എ -ഐഡികെ-10/1486/ 16/.05.12.2016 | 5 | 2-1,3-1,3-2, 3-3,3-5 |
| 2011-2012 & 2012-2011 | കെ.എസ്.എ -ഐഡികെ-10/442/ 18/18.04.18- | 7 | 3-1,3-2,3-3, 3-4,3-7,3-8,3-9 |
| 2013-2014 | കെ.എസ്.എ-ഐഡികെ-10-/960/ 2017/01.07.2017- | 3 | 3-2,3-3,3-5 |
| 2014-2015 | കെ.എസ്.എ -ഐഡികെ-10/732/ 2016/ 02.07.16-415/96/ 10.10.1996 | 6 | 2-1,2-2,2-3,2-4, 3-4,3-5,3-7 |
| 2015-2016 | കെ.എസ്.എ -ഐഡികെ-10/1659/ 2017/22.03.2018-383/03/ /31.07.2003 | 5 | 2-1,2-2,2-3, 3-1,3-2 |
| | | | |

| | | | |
|---|---|---|---|
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | | 1-12, 2-2, 2-3, 3-1, 3-8, 3-11, 3-12, 3-13, 3-15 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ10/115/ 19/23.03.2019 | | 1-12, 2-1,2-2, 3-1 മുതൽ 3-10 വരെ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.ഐ.ഡി.കെ-10/167/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:19.03.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ ഇളംദേശംബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure – 1

## AUDIT CERTIFICATE

No.KSA-IDK-10/167/2020

Office of the Senior Deputy Director of
Kerala State Audit Department
District Office, Idukki
Thodupuzha - 685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in

Date.19.03.2020

Certified that I have audited the Annual Financial Statement of Elamdesam Block Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of Elamdesam Block Panchayat for the 2018-2019, except the observations in my Audit Report Properly presence in the picture of Income and Expenditure.

SENIOR DEPUTY DIRECTOR

IDUKKI.